**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2498** **07-07-2022 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക വിദ്യാഭാസം നേടിയ വിദ്യാർത്ഥികൾക്ക് സംരംഭകത്വ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭാസം നേടിയ വിദ്യാർത്ഥികൾക്ക് വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ സംരംഭകത്വ പരിശീലനം നൽകുന്ന എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ; | (എ) | സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥികളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വ്യവസായ വാണിജ്യ വകുപ്പ് വഴി സാമ്പത്തിക സഹായം നല്കി വരുന്നു.<br><br>സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ആയി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്. ഈ സാമ്പത്തിക വർഷം 20 പ്രൊഫഷണൽ വിദ്യാർഥികൾക്ക് മാസം 10,000 രൂപ നിരക്കിൽ 6 മാസത്തേക്കുള്ള ഇന്റേൺഷിപ്പാണ് പദ്ധതി വഴി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | എഞ്ചിനീയറിങ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തന്നെ സംരംഭകത്വ പരിശീലനം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ സ്പെഷ്യൽ ടീമിനെ നിയോഗിക്കാമോ; | (ബി) | എഞ്ചിനീയറിങ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |
| (സി) | ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ ക്ലസ്റ്റർ രൂപത്തിൽ സംരംഭകത്വ പരിശീലന ക്ലബ്ബുകൾക്ക് രൂപം കൊടുക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തു നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ക്ലബ്ബുകളുടെ എണ്ണം 1000 ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ